# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

05/12/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1823

## കോഴിക്കോട് ജില്ലയിലെ CDS - കളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | കോഴിക്കോട് ജില്ലയിൽ CDS കളുടെ ദൈനംദിന ചെലവിനുള്ള ഭരണ നിർവ്വഹണ ഗ്രാന്റും, CDS അക്കൗണ്ടന്റുമാരുടെ ശമ്പളവും മാസങ്ങളായി മുടങ്ങിക്കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ സി.ഡി.എസുകളുടെ ദൈനംദിന ചെലവിനുള്ള ഭരണ നിർവ്വഹണ ഗ്രാന്റ് 2014 ജൂൺ മാസം വരെ നൽകിയിട്ടുണ്ട്. വിവിധ സി.ഡി.എസുകൾ സമർപ്പിച്ച ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് അപാകതയുള്ളവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാമിഷനിൽ തീർപ്പാകാതെ കിടക്കുന്ന എല്ലാ തപാലുകളും ഫയലുകളും അടിയന്തിരമായി തീർപ്പാക്കുന്നതിലേക്ക് 2014 ഡിസംബർ 10 മുതൽ 18 വരെ ഫയൽ തീർപ്പാക്കൽ അദാലത്ത് നടത്തുന്നതിന് നടപടി എടുക്കുകയും ഇതിന്റെ ഭാഗമായി മുഴുവൻ സി.ഡി.എസുകളിൽ നിന്നും തീർപ്പാക്കാനുള്ള ഫയലുകളുടെ വിവരങ്ങൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ ശമ്പളം 2014 സെപ്റ്റംബർ വരെയുള്ളത് നൽകിയിട്ടുള്ളതാണ്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നാം ക്വാർട്ടർ വിതരണം ചെയ്യുന്നതിലേക്കായി ലഭ്യമായ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധിച്ച് വരികയും ഫയൽ തീർപ്പാക്കൽ അദാലത്തിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |
| (ബി) | ദേശസാൽകൃത- സഹകരണ ബാങ്കുകളിൽ നിന്നും ലിങ്കേജ് വായ്പ എടുത്ത അയൽക്കൂട്ടങ്ങൾക്ക്, വായ്പക്ക് നല്കുന്ന പലിശ, സബ്സിഡി, മാച്ചിംഗ് ഗ്രാന്റ് എന്നിവയിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മാച്ചിംഗ് ഗ്രാന്റ് കുടിശ്ശികയായി 1,07,11,107/- രൂപയും, പലിശ സബ്സിഡി കുടിശ്ശികയായി 64,33,367/- രൂപയും നൽകുവാനുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയിൽ ജില്ലയിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | മാച്ചിംഗ് ഗ്രാന്റിൽ 2706 അപേക്ഷകളും, പലിശ സബ്സിഡി ഇനത്തിൽ 1612 അപേക്ഷകളും തീർപ്പാക്കാനുണ്ട്. |
| (ഡി) | കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ, കുടുംബശ്രീ ജില്ലാ മിഷൻ കോഴിക്കോട് ജില്ലയിൽ എത്ര പൊതുപരിപാടി സംഘടിപ്പിച്ചുവെന്നും അതിന് എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ? | (ഡി) | കുടുംബശ്രീ 15-ാം സംസ്ഥാന വാർഷികത്തിന്റെ ഭക്ഷ്യ വിപണനമേള, പൊതുസമ്മേളനം എന്നിവ ഉൾപ്പെടെ ആകെ 14 പൊതുപരിപാടികൾ സംഘടിപ്പിക്കുകയും ഈ ഇനങ്ങളിലായി 1,14,47,859 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ